വനിത ശിശുവികസന വകുപ്പ്

**<u>സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം</u>**

**<u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>**

***(ഹാജർ: :ശ്രീമതി. അദീല അബ്ദുള്ള., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)***

വിഷയം:- വനിത ശിശു വികസന വകുപ്പ് -ഐ.സി.പി.എസ്.-എസ്.സി.പി.എസ്- എറണാകുളം ഗവ. ചിൽഡ്രൻസ് ഹോമിന് അനുവദിച്ച കരുതൽ തുക Recoup ചെയ്തു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1.GO (RT) No.573/2013/SJD dated 13.11.2013

2. ഈ കാര്യാലയത്തിലെ 02.03.2015 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. എറണാകുളം ഗവ.ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 18.09.2021 ലെ കത്ത് നമ്പർ സി.എച്ച്.ഇ.നം.42/17
4. ഈ കാര്യാലയത്തിന്റെ 13.12.2019 തീയതിയിലെ ICPS 4(A)/16459/14 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ ICPS4(A)/5075/14 തീയതി:18.10.2021</u>**

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയവും വനിതാ ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ സ്ഥാപനങ്ങളിലുണ്ടാകുന്ന അടിയന്തിരാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി 10,000/-രൂപ നിരക്കിൽ കരുതൽ തുക അനുവദിച്ചു നൽകുന്നതിന് മേൽപരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങൾക്ക് 10,000/-രൂപ വീതം കരുതൽ തുകയായി മേൽപരാമർശം (2) പ്രകാരം അനുവദിച്ചു നൽകിവരുന്നു. പ്രസ്തുത തുക ഉപയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (4) പ്രകാരം നൽകിയിട്ടുണ്ട്.

മേൽപരാമർശം (2) പ്രകാരം അനുവദിച്ച തുകയുടെ 60% ചെലവായിക്കഴിയുമ്പോൾ ടി തുക Recoup ചെയ്തെടുക്കാവുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ കരുതൽ തുകയായി അനുവദിച്ച തുകയിൽ 7256/-രൂപ ചെലവഴിച്ചതായും ടി തുക റീക്കൂപ്പ് ചെയ്തു നൽകണമെന്നും മേൽസൂചന (3) പ്രകാരം എറണാകുളം,ഗവ.ചിൽഡ്രൻസ് ഹോം സൂപ്രണ്ട് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ എറണാകുളം ഗവ.ചിൽഡ്രൻസ് ഹോമിന് കരുതൽ തുകയിനത്തിൽ ചെലവഴിച്ച **7256/-രൂപ (എഴായിരത്തി ഇരുനൂറ്റി അൻപത്തി ആറു രൂപ മാത്രം)** Recoup ചെയ്യുന്നതിന് അനുവദിച്ചു ഉത്തരവാകുന്നു.

ടി തുക **7256/-രൂപ (എഴായിരത്തി ഇരുനൂറ്റി അൻപത്തി ആറു രൂപ മാത്രം** നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ സ്ഥാപനങ്ങളുടെ കണ്ടിജൻസി കമ്പോണന്റിൽ നിന്നും അലോട്ടുമെന്റായി എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ നൽകേണ്ടതും ജില്ലാ വനിതാ ശിശു വികസന

ഓഫീസർ, ബന്ധപ്പെട്ട സൂപ്രണ്ടിനു തുക അലോട്ടുമെന്റായി നൽകേണ്ടതും, , സൂപ്രണ്ട് ടി തുക കൈപ്പറ്റിയ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സൂപ്രണ്ട് കരുതൽ തുക കൈകാര്യം ചെയ്യുന്നതിനായി പെർമനന്റ് അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, തുകയുടെ 60% ചെലവായിക്കഴിയുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിച്ചു തുക Recoup ചെയ്യേണ്ടതുമാണ്. കരുതൽ തുക വിനിയോഗം സംബന്ധിച്ച സൂചന (4) നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി, SCPS

പകർപ്പ്

1. ജില്ലാ വനിതാ ശിശു വികസന ഓഫീസർ എറണാകുളം
2. സൂപ്രണ്ട് എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനു)
3. സൂപ്രണ്ട്,ഗവ. ചിൽഡ്രൻസ് ഹോം, എറണാകുളം
4. ICPS 4
5. സ്റ്റോക്ക് ഫയൽ
6. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്